LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ : മലമുത്തന്മാരെ പട്ടികവർഗ്ഗക്കാരായി ട്രീറ്റ് ചെയ്യേണ്ടത് സംസ്ഥാന ഗവൺമെന്റല്ല. കേന്ദ്ര നിയമത്തിൽത്തന്നെ ഇതിന് ഭേദഗതി വരുത്തേണ്ടതാണ്. കേന്ദ്ര ഗവൺമെന്റാണ് അവരെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടത്. മലമുത്തൻമാരെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ഞങ്ങൾ കാലാകാലമായി ആവശ്യപ്പെടുന്ന ഒരു കാര്യമാണ്. എന്നാൽ നാളിതുവരെ കേന്ദ്രം അവരെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്താൻ തയ്യാറായിട്ടില്ല. പട്ടികവർഗ്ഗ ലിസ്റ്റിലില്ലാതെ പട്ടികവർഗ്ഗ ആനുകൂല്യം കൊടുക്കുന്നത് ശരിയെല്ലന്നാണ് പൊതുവേയുള്ള അഭിപ്രായം. എങ്കിൽപ്പോലും ഇവർ ആദിവാസികളേക്കാൾ കഷ്ടത്തിലാണ്. ഇവരുടെ സ്ഥിതി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് അവർക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന എല്ലാ ആനുകൂല്യങ്ങളും കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചത്. മദ്യത്തിന്റെ കാര്യം അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചു. ഇത് അവിടെ മാത്രമല്ല, പല സ്ഥലങ്ങളിലും ഉണ്ട്. അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ബോധവൽക്കരണം ഈ രംഗത്ത് നടക്കുന്നുണ്ട്, അവരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. അതിന്റെ ഫലമായിട്ടു തന്നെ മലമുത്തന്മാർക്ക് യഥാർത്ഥത്തിൽ പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യം ലഭിക്കാൻ അർഹതയില്ലെങ്കിൽപ്പോലും അവർക്കുള്ള ആനുകൂല്യം കൊടുക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. എം.വി. ജയരാജൻ : ആദിവാസികളുടെ ക്ഷേമത്തിനായി ട്രൈബൽ വോളന്റിയർമാരെ തെരഞ്ഞെടുക്കുമെന്ന് ഗവൺമെന്റ് നേരത്തെ വ്യക്തമാക്കിയതാണ്. ഇതിനകം എത്ര വോളന്റിയർമാരെ ഇത്തരത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്; അവരുടെ പ്രവർത്തനങ്ങൾ ഇവാല്യൂവേറ്റ് ചെയ്യാൻ ജില്ലാതലത്തിൽ ഒരു മോണിറ്ററിംഗ് സംവിധാനമുണ്ടാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ : ഇപ്പോൾ ഏകദേശം അഞ്ഞൂറോളം വോളന്റിയർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഒരു വർഷം 315 പേരെ തെരഞ്ഞെടുക്കും. അതിനുശേഷം അടുത്ത വർഷം 300 പേരെ തെരഞ്ഞെടുക്കും. അങ്ങനെ ആയിരത്തിലധികം ആളുകളെ തെരഞ്ഞെടുക്കാനുള്ള നടപടിയാണ് സ്വീകരിച്ചു വരുന്നത്. ഓരോ പ്രദേശത്തും അവരുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് മോണിറ്റർ ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

2 (*178) ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവർത്തനം

ശ്രീ.തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളുടെ ശോചനീയാവസ്ഥ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ ഇ.എസ്.ഐ. ആശുപത്രികളിലും ആംബുലൻസ് സർവ്വീസ് നിലവിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇ.എസ്.ഐ.ആശുപത്രികളിലെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) വിശദാംശം വെളിപ്പെടുത്തുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ചില ഇ.എസ്.ഐ. ആശുപത്രികളിൽ വേണ്ടത്ര സൗകര്യം നിലവിലില്ലാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇ.എസ്.ഐ. ആശുപത്രികളിൽ നിലവിലുള്ള സൗകര്യം മെച്ചപ്പെടുത്തുന്നതിലേക്ക് 99,60,800 രൂപയുടെ ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആശുപത്രിയുടെ നിർമ്മാണവും അറ്റകുറ്റ പണികളും സംബന്ധിച്ച് കോ-ഓർഡിനേഷൻ കമ്മിറ്റി കാലാകാലങ്ങളിൽ യോഗം ചേർന്ന് അതിന്റെ ശുപാർശകൾ സമർപ്പിക്കുകയും അതനുസരിച്ച് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ജീവനക്കാർ കൃത്യനിഷ്ഠ പാലിക്കുമെന്ന് ഉറപ്പുവരുത്തുന്നതിന് പരിശോധനയും കർശനമാക്കിയിട്ടുണ്ട്.

(സി) ഇല്ല. പേരൂർക്കട, എഴുകോൺ, തോട്ടട, ഉദ്യോഗമണ്ഡൽ, ഫറോക്ക് എന്നീ അഞ്ച് ഇ.എസ്.ഐ. ആശുപത്രികളിലും ആംബുലൻസ് സർവ്വീസ് നിലവിലുണ്ട്.

(ഡി&ഇ) പി.എസ്.സി. റാങ്ക്‌ലിസ്റ്റിൽ നിന്നും നിയമനം നടത്തി യഥാ സമയം ഒഴിവുകൾ നികത്തുന്നുണ്ട്.

ശ്രീ. തമ്പാനൂർ രവി : നമ്മുടെ സംസ്ഥാനത്ത് ആശുപത്രികളുടെ പ്രവർത്തനത്തിൽ വ്യാപകമായ പരാതിയുണ്ട്. പലേടത്തും പ്രാഥമിക സൗകര്യങ്ങൾ പോലുമില്ല. ഇപ്പോൾ അതൊരു റഫറൽ ആശുപത്രി പോലെയാണ്. ജീവനക്കാർ അവിടെ ചെന്നാൽ എല്ലാം റഫർ ചെയ്യുകയാണ്. അന്വേഷിച്ചപ്പോൾ ഉപകരണങ്ങളുടെ കുറവ്, മരുന്നില്ലായ്മ അങ്ങനെ പല പ്രയാസങ്ങളും അനുഭവപ്പെടുകയാണ്. ഒരു സമയബന്ധിതമായ പരിപാടിയുടെ അടിസ്ഥാനത്തിൽ ഇ.എസ്.ഐ. ആശുപത്രിയുടെ പ്രവർത്തനങ്ങൾ നന്നായി നടത്താനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : നമ്മുടെ സംസ്ഥാനത്ത് 136 ഇ.എസ്. ഐ. ഡിസ്പെൻസറികളും 13 ആശുപത്രികളുമാണുള്ളത്. ഇ.എസ്.ഐ. ഡിസ്പെൻസറികളിൽ എത്തുന്ന രോഗികൾക്കു പരിശോധന കഴിഞ്ഞതിനു ശേഷം ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യും. അവിടേക്ക് റഫർ ചെയ്യുന്ന രോഗികൾക്ക് വിദഗ്ദ്ധ ചികിൽസ ലഭിക്കുന്നതിനും മറ്റും തിരുവനന്തപുരം മെഡിക്കൽ കോളേജ്, കോഴിക്കോട് മെഡിക്കൽ കോളേജ്, ശ്രീചിത്രാ മെഡിക്കൽ സെന്റർ തുടങ്ങിയ സ്ഥലങ്ങളിലേക്ക് അയയ്ക്കുന്നുണ്ട്. അതിന് അപ്പോൾതന്നെ അതിന്റെ പണം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇ.എസ്.ഐ. ആശുപത്രികളിൽ കുറച്ച് അസൗകര്യങ്ങളൊക്കെയുണ്ടെന്ന് പറയുന്നത് സത്യമാണ്. ഏകദേശം ഒരു കോടിയോളം രൂപ ഉപകരണങ്ങൾ വാങ്ങാനും സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും കൊടുത്തിട്ടുണ്ട്.

ശ്രീ. തമ്പാനൂർ രവി : ഇന്ന് സൂപ്പർ സ്പെഷ്യാലിറ്റിയുടെ കാലമാണല്ലോ. ചികിത്സയ്ക്ക് വരുന്ന ആളുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് അടിയന്തിരമായി തുക അനുവദിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളുടെ സൗകര്യം ഇ.എസ്.ഐ.യിലെ തൊഴിലാളികൾക്ക് ലഭിക്കുന്നതിന് ഇപ്പോൾ നിലവിലുള്ളത് തിരുവനന്തപുരം മെഡിക്കൽകോളേജ്, കോഴിക്കോട് മെഡിക്കൽ കോളേജ്, ശ്രീചിത്രാ മെഡിക്കൽ സെന്റർ എന്നിവിടങ്ങളിൽ മാത്രമാണ്. ആ പരിമിതികൾ മനസ്സിലാക്കിക്കൊണ്ട് ഇപ്പോൾ ഇ.എസ്.

LIBRARY ARCHIVES Kerala Legislative Assembly

ഐ.യുടെ റീജിയണൽ ബോർഡ് കൂടിയിട്ട് ഗവൺമെന്റിന്റെ സമ്മതത്തോടുകൂടി എല്ലാ ജില്ലകളിലും വളരെ പ്രധാനപ്പെട്ട സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ അവർക്ക് ചികിൽസാ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിൽസാ സൗകര്യം കിട്ടുന്ന ഒരു ആശുപത്രിയാണ് എറണാകുളത്തുള്ള അമൃതാനന്ദമയി ആശുപത്രി. ആ ആശുപത്രി തന്നെ ഇതിന്റെ പരിധിയിൽപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. അതു മാത്രമല്ല, മുൻകൂട്ടി പണം കൊടുക്കാനും ആലോചിച്ചു വരുകയാണ്. അതിന് റിവോൾവിംഗ് ഫണ്ട് ഉണ്ടെങ്കിൽ ആ ഫണ്ട് ഉപയോഗിച്ച് ഇ.എസ്.ഐ.യിലെ തൊഴിലാളികൾക്ക് വിദഗ്ദ്ധമായ ചികിൽസ ലഭിക്കുന്നതിനും അവരുടെ സൗകര്യാർത്ഥം ജില്ലാടിസ്ഥാനത്തിൽ പരിശോധിച്ച് ഏതൊക്കെ ആശുപത്രികളാണ് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി എന്നുള്ളതിനെ സംബന്ധിച്ച് തെരഞ്ഞെടുക്കാനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. പി. വിശ്വൻ</u> : അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർമാരുടെ കുറവ് ഇന്ന് നമ്മുടെ ഇ.എസ്.ഐ. ആശുപത്രികളിലുണ്ട്. ഈ കുറവ് നികത്താൻ കോൺട്രാക്ട് അടിസ്ഥാനത്തിൽ കോൺട്രാക്ടർമാരെ വച്ചിട്ടുണ്ട്. ഈ തസ്തികയിലേക്കുള്ള പി.എസ്.സി.ലിസ്റ്റ് ഇന്ന് നിലവിലുണ്ടോ; ഉണ്ടെങ്കിൽ കോൺട്രാക്ട് നിയമനം ഒഴിവാക്കി പി.എസ്.സി. ലിസ്റ്റിൽ നിന്ന് നിയമിക്കാൻ സർക്കാർ മുൻകൈയെടുക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ഇ.എസ്.ഐ.ആശുപത്രികളിൽ ഡോക്ടർമാരുടെ കുറവുണ്ട്. പ്രത്യേകിച്ച് സ്പെഷ്യലിസ്റ്റുകളുടെ കുറവ്. ഈ കുറവ് പരിഹരിക്കുന്നതിന് പി.എസ്.സി.യോട് ആവശ്യപ്പെട്ടതനുസരിച്ച് പി. എസ്.സി.സെലക്ഷൻ ലിസ്റ്റ് ഉണ്ടാക്കിയിട്ടുണ്ട്. ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് അടിയന്തിരമായി അവരെ നിയമിക്കാൻ നിവൃത്തിയില്ലാതെ ക്രീമി ലെയർ പ്രശ്നത്തിന്റെ പേരിൽ സ്റ്റേ ചെയ്തിരിക്കുകയാണ്. അതുകൊണ്ട് അത്യാവശ്യം വേണ്ടിടത്ത് കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ പുതുതായി ഡോക്ടർമാരെ നിയമിക്കണോയെന്നുള്ളതിനെപ്പറ്റി ആലോചിച്ചു വരികയാണ്.

<u>ശ്രീ. ടി.എം. ജേക്കബ്</u> : മന്ത്രി ഇവിടെ മെയിൻ ക്വസ്റ്റ്യന് മറുപടി നൽകിയപ്പോൾ ഇതിനകത്ത് നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാർ തന്നെ ആശുപത്രിയിൽ വരുന്നുണ്ടോ എന്നുള്ള പരിശോധന കർക്കശമാക്കിയിട്ടുണ്ടെന്ന് പറയുകയുണ്ടായി. ഇ.എസ്.ഐ. ഡിസ്പെൻസറികളിലും ആശുപത്രികളിലും ഡോക്ടർമാരുടെ കുറവ് അനുഭവപ്പെടുന്നുണ്ട്. സ്റ്റാഫുകൾ വരാറില്ല. അവിടെ മരുന്ന് ലഭ്യമല്ല. ഈ സാഹചര്യത്തിൽ എങ്ങനെ ഈ ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള പരിശോധന ഇപ്പോൾ വളരെ കർക്കശമാക്കിയിട്ടുണ്ട്. ഇപ്പോൾ ലേബർ സെക്രട്ടറി വരെ മിന്നൽ പരിശോധന നടത്തുന്നുണ്ട്. ഞാനും ഈ അടുത്ത കാലത്ത് രണ്ട് ആശുപത്രികൾ മിന്നൽ പരിശോധന നടത്തി. ഒരു ആശുപത്രിയിലെ സൂപ്രണ്ടിനെ സസ്പെന്റ് ചെയ്തു. അങ്ങനെ എല്ലാ സ്ഥലത്തും മിന്നൽ പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചതുപോലെ മരുന്നിന്റെ കുറവ് അനുഭവപ്പെട്ടിട്ടുണ്ട്. ഈ

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക വർഷത്തിൽ അലോപ്പതി വിഭാഗത്തിൽ 3,96,90,000 രൂപ വരെ ഇപ്പോൾ മരുന്നിനുവേണ്ടി വിതരണം ചെയ്തു കഴിഞ്ഞു. കൂടാതെ അലോപ്പതി വിഭാഗത്തിന് 2,22,00,000 രൂപയ്ക്കും ഹോമിയോ വിഭാഗത്തിന് 3,00,000 രൂപയ്ക്കും ആയുർവേദ വിഭാഗത്തിന് 23,00,000 രൂപയ്ക്കും മരുന്നും വാങ്ങാനും നിർദ്ദേശമുണ്ട്. ഇപ്പോൾ സാമ്പത്തിക ബുദ്ധിമുട്ടൊന്നും അനുഭവപ്പെടുന്നില്ല. കാരണമെന്തെന്നുവച്ചാൽ ഇൻഷ്വറൻസ് കോർപ്പറേഷനിൽ നിന്നും റീജിയണൽ ഇൻഷ്വറൻസ് കോർപ്പറേഷന് ലഭിക്കാനുള്ള കുടിശ്ശിക തുകയായ 2,43,00,000 രൂപ അനുവദിച്ചിട്ടുണ്ട്. 57 ലക്ഷം രൂപ ആദ്യ ഗഡുവായി തന്നെ കിട്ടിയിട്ടുണ്ട്. അതുപോലെതന്നെ അവിടത്തെ വാട്ടർ സപ്ലൈ സ്കീം. അവിടെ ശുദ്ധജലം കിട്ടുന്നുവെന്നുള്ള ഉറപ്പ് വരുത്തുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിൽ നിന്നൊക്കെ വളരെ മെച്ചപ്പെട്ട നിലയിലാണ് ഇപ്പോൾ ഈ ആശുപത്രികളുടെ പ്രവർത്തനമെന്ന് ഞാൻ അഭിമാനപൂർവ്വം പറയാൻ ആഗ്രഹിക്കുന്നു.

<u>ശ്രീ. പി. രാജു</u> : ഇന്ന് നമ്മുടെ സംസ്ഥാനത്തെ ഇ.എസ്.ഐ. സ്കീമിൽ അംഗങ്ങളായിട്ടുള്ള പല തൊഴിലാളികളും വ്യവസായസ്ഥാപനങ്ങളും ഇ.എസ്.ഐ. സ്കീമിൽ നിന്ന് ഒഴിഞ്ഞുപോകാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുകയാണ്. അതിനൊരു പ്രധാന കാരണം ഇ.എസ്.ഐ. ആശുപത്രികളിൽ നിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങളിലും വൈദ്യസഹായത്തിനു ലഭിക്കുന്ന സൗകര്യങ്ങളിലുമെല്ലാം വളരെ പോരായ്മകൾ ഉള്ളതുകൊണ്ടാണ്. വ്യത്യസ്ത സാമ്പത്തിക സഹായം അനുവദിച്ചു കിട്ടുന്നതിൽ വളരെ കാലതാമസം ഉണ്ടാകുന്നു. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പലതും സൂചിപ്പിച്ചുവെങ്കിൽപോലും സാമ്പത്തിക സഹായം അനുവദിക്കുന്ന കാര്യത്തിൽ താമസം ഉണ്ടാകുന്നുണ്ട്. അതിന്റെ ഫലമായി ഇ.എസ്.ഐ.യിൽ-ൽ നിന്ന് കിട്ടുന്ന ആനുകൂല്യങ്ങളേക്കാൾ മെച്ചപ്പെട്ട മെഡിക്കൽ സ്കീമുകൾ ഇന്ന് കേരളത്തിലെ വ്യവസായസ്ഥാപനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇ.എസ്.ഐ. സ്കീം നിലനിന്നു പോകണമെങ്കിലും തൊഴിലാളികളെ ആകർഷിക്കപ്പെടാൻ കഴിയണമെങ്കിലും ഇന്നത്തെ സംവിധാനത്തിൽ കാലോചിതമായ മാറ്റം വരുത്താൻ ഇ.എസ്.ഐ. ബോർഡ് കൂടി തീരുമാനം എടുക്കുകയും അവ നടപ്പാക്കുമെന്ന് ഉറപ്പാക്കുകയും ചെയ്യണം. ഇന്ന് തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇ.എസ്.ഐ.സ്കീം ഒരു വെള്ളാനയായി മാറിയിരിക്കുകയാണ്. ഒരു കാര്യവും നടക്കാത്ത ഒരു ഡിപ്പാർട്ടുമെന്റായി മാറിയിരിക്കുന്നു. ഈ സ്കീം തൊഴിലാളികൾക്ക് പ്രയോജനകരമാക്കി മാറ്റാൻ കഴിയുമോ എന്നുള്ള കാര്യത്തിൽ ഇനിയെങ്കിലും ഒരു മാറ്റം വരുത്താൻ ശക്തമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ഒരു പ്രശ്നത്തോടും ഗവൺമെന്റ് യോജിക്കുന്നില്ല. കാരണം പല കമ്പനികളിൽനിന്നും ഇ.എസ്.ഐ.യുടെ ആനുകൂല്യങ്ങൾ കിട്ടുന്നതിന് എക്സംപ്ഷൻ കൊടുക്കണമെന്ന് പറഞ്ഞ് അപേക്ഷകൾ വരാറുണ്ട്. ഇതിനുള്ള സൗകര്യം എന്താണെന്നുവച്ചാൽ ചികിൽസാ സൗകര്യങ്ങൾ അവർക്കു പണമായി ലഭിക്കും എന്നുള്ളതാണ്. ലക്ഷക്കണക്കിന് രൂപ കൊടുക്കേണ്ടിവരുന്ന ഹാർട്ട് അറ്റാക്ക് പോലുള്ള രോഗങ്ങൾക്ക് ഇപ്പോൾ കിട്ടുന്ന ഇ.എസ്.ഐ. ആനുകൂല്യം തീർച്ചയായും മറ്റൊരു കമ്പനിയിലെ തൊഴിലാളികൾക്കും കിട്ടുന്നില്ല. യഥാർത്ഥത്തിൽ അവർക്കു കിട്ടുന്ന പണം ഉടനെതന്നെ പോക്കറ്റിൽ വയ്ക്കാം എന്ന സൗകര്യമാണുള്ളത്. അങ്ങനെ എക്സംപ്ഷൻ ആവശ്യപ്പെ

LIBRARY ARCHIVES Kerala Legislative Assembly

ട്ടാണ് പല കമ്പനികളിൽ നിന്നും കത്തുകൾ വരുന്നത്. യാതൊരു കാരണവശാലും എക്സംപ്ഷൻ കൊടുക്കാൻ തീരുമാനിച്ചിട്ടില്ല. കേരളത്തിലെ പാവപ്പെട്ട തൊഴിലാളികൾക്ക് കിട്ടുന്ന ഒരു ആനുകൂല്യത്തിൽനിന്നും ഇതുപോലുള്ള വൻകിട ഫാക്ടറികളെയെല്ലാം ഒഴിവാക്കിക്കഴിഞ്ഞാൽ ഇ.എസ്. ഐ.സ്കീം ഇനി നടത്തേണ്ടി വരികയില്ല. അതുകൊണ്ട് മെമ്പറുടെ അഭിപ്രായത്തോട് യോജിക്കുന്നില്ല. ഇ.എസ്.ഐ. ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ മാറ്റങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട്. കുറച്ചുകൂടി ശക്തമായ നടപടികളുമായി ഗവൺമെന്റ് മുന്നോട്ടു പോകുന്നതാണ്.

<u>ശ്രീ. എഴുകോൺ നാരായണൻ</u> : സംസ്ഥാനത്തെ എല്ലാ ഇ.എസ്.ഐ. ആശുപത്രികളിലും ആയുർവേദ ചികിൽസ ഇല്ല എന്ന കാര്യം അങ്ങേയ്ക്ക് അറിയാം. സംസ്ഥാനത്തെ എല്ലാ ഇ.എസ്.ഐ. ആശുപത്രികളിലും ആയുർവേദ ചികിൽസ കൂടി ഏർപ്പെടുത്താൻവേണ്ട നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : നമ്മുടെ സംസ്ഥാനത്ത് ഇ.എസ്.ഐ. ഡിപ്പാർട്ടുമെന്റിൽ 10 ആയുർവ്വേദ ആശുപത്രികളും, 18 ആയുർവ്വേദ യൂണിറ്റുകളും, 13 അലോപ്പതി യൂണിറ്റുകളും, 4 ഹോമിയോ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ആയുർവ്വേദ രംഗത്ത് ഇപ്പോൾ പണിയെടുക്കുന്ന ഡോക്ടർമാർക്ക് ചില പ്രശ്നങ്ങളുണ്ട്. അത് ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ</u> : ഇ.എസ്.ഐ. മുഖേന ശ്രീചിത്രാ മെഡിക്കൽ സെന്ററിൽ വരുന്ന രോഗികൾക്ക് യഥാർത്ഥത്തിൽ ആവശ്യമായ പരിഗണന ലഭിക്കുന്നില്ല എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? കണ്ണൂർ ജില്ലയിൽത്തന്നെ ഹൃദയ ശസ്ത്രക്രിയ വേണ്ടിവരുന്ന രോഗികൾ ഉൾപ്പെടെ ശ്രീചിത്രയിൽ എത്തിയപ്പോൾ അവർക്ക് തീയതി നിശ്ചയിച്ചുകൊടുക്കാതെ കാലതാമസം വരുത്തുന്നു എന്നുള്ള പരാതി ശ്രദ്ധിയിൽപ്പെട്ടിട്ടുണ്ടോ? ഇതുപോലുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ എന്ത് നടപടിയാണ് സ്വീകരിക്കുക എന്നുള്ള കാര്യം വിശദീകരിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ ഫലമായിട്ടാണ് കണ്ണൂരിലോ വടക്കൻ മലബാറിലോ ഉള്ള ഏതെങ്കിലും ഒരു തൊഴിലാളിക്ക് ഇത്തരം സ്പെഷ്യൽ ചികിൽസയോ വിദഗ്ദ്ധ ചികിൽസയോ ആവശ്യമുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ഒന്നുകിൽ കോഴിക്കോട് മെഡിക്കൽ കോളേജിലോ അല്ലെങ്കിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലോ അതല്ലെങ്കിൽ ശ്രീചിത്രാ മെഡിക്കൽ സെന്ററിലോ വരണം. അവിടെയൊക്കെ വന്നാൽത്തന്നെ സമയത്ത് അവർക്ക് ചികിൽസാ സൗകര്യങ്ങൾ ലഭിക്കുന്നില്ല. അതിന് സമയം എഴുതി കൊടുക്കുന്നു എന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ ഫലമായിട്ടാണ് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി എല്ലാ ജില്ലകളിലും സ്ഥാപിച്ചിട്ടുള്ളത്. അവരവരുടെ ജില്ലകളിലുള്ള തൊഴിലാളികൾക്ക് അവിടെത്തന്നെ ചികിത്സിക്കുന്നതിനുള്ള സൗകര്യം കൊടുക്കുന്നതിന് എല്ലാ ജില്ലകളിലും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ സെലക്ട് ചെയ്ത് ചികിൽസാ സൗകര്യം നൽകുന്നതിനാണ് ഇപ്പോൾ ആലോചിച്ചുവരുന്നത്. അതിനാണ് റിവോൾവിംഗ് ഫണ്ട് ഉണ്ടാക്കിയിട്ടുള്ളത്.

<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> : മാരാരിക്കുളം നിയോജകമണ്ഡലത്തിലെ പാതിരപ്പള്ളി ഇ.എസ്.ഐ. ആശുപത്രിയിൽ വരുന്ന രോഗികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ചികിൽസാ സൗകര്യം അന്നുതന്നെ ലഭിക്കാൻ പ്രയാസമുണ്ട്. അവിടെ ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്താൻ തയ്യാറാകുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ഇ.എസ്.ഐ. ആശുപത്രികളിൽ ഒട്ടേറെ പോരായ്മകളുണ്ട്. ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് പശ്ചാത്തല സൗകര്യങ്ങൾ കുറവായ ആശുപത്രികൾ ധാരാളം ഉണ്ട്. ഇതൊക്കെ മനസ്സിലാക്കിക്കൊണ്ടാണ് ഇപ്പോൾ മെഡിക്കൽ ഡിപ്പാർട്ടുമെന്റ് ആശുപത്രികൾ ചെയ്യുന്നതുപോലെ എല്ലാ ആശുപത്രികളിലും ഉപദേശക സമിതികൾ സംഘടിപ്പിക്കാനും ആശുപത്രികളുടെ പ്രവർത്തനം എങ്ങനെ മെച്ചപ്പെടുത്തണമെന്ന്. അവരുമായി ചർച്ച ചെയ്ത് തീരുമാനം എടുക്കാനുമാണ് ഗവൺമെന്റ് ഇപ്പോൾ ആലോചിക്കുന്നത്.

<u>ശ്രീ. ടി.കെ. ബാലൻ</u> : തൊഴിലാളികൾക്ക് വിദഗ്ദ്ധ ചികിൽസ ലഭിക്കുന്നതിൽ പ്രത്യേകിച്ച് ഹൃദയ ശസ്ത്രക്രിയ ചെയ്യുന്ന സന്ദർഭത്തിൽ അതാത് സ്ഥാപനങ്ങളിൽ ശസ്ത്രക്രിയയ്ക്കു മുമ്പുതന്നെ പണം ലഭിക്കണം എന്ന ഒരു നിബന്ധനയുണ്ട്. ഇ.എസ്.ഐ.-യിലാണെങ്കിൽ ഇപ്പോൾ തൃശ്ശൂരിലുള്ള ഒരു റീജിയണൽ ഓഫീസിൽ വച്ച് ചെക്ക് എഴുതുകയാണ്. എന്നിട്ട് ആ ചെക്ക് തിരുവനന്തപുരത്ത് ഡയറക്ടറേറ്റിൽ എത്തും. തിരുവനന്തപുരത്തെ ഡയറക്ടറേറ്റിൽ നിന്ന് അതാത് സ്ഥാപനങ്ങളിലേക്ക് അയച്ചുകൊടുക്കും. ഇതിൽ അനാവശ്യമായ കാലതാമസം വരുന്നുണ്ട്. പ്രത്യേകിച്ച് ഹാർട്ട് ഓപ്പറേഷനുവേണ്ടി; പെട്ടെന്ന് ഓപ്പറേഷൻ പ്രതീക്ഷിച്ചിരിക്കുന്ന രോഗികളെ സംബന്ധിച്ച് ഇതൊരു റിസ്ക് കൂടിയാണ്. അതുകൊണ്ട് അനാവശ്യമായ കാലതാമസം ഒഴിവാക്കാൻ വേണ്ട നടപടി സ്വീകരിക്കണം.

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ഈ കാലതാമസം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ ഫലമായി അതൊഴിവാക്കാനാണ് പ്രത്യേകം പ്രത്യേകം ആശുപത്രികൾ സെലക്ട് ചെയ്ത് റിവോൽവിംഗ് ഫണ്ടിൽനിന്നും അവർക്കു മുൻകൂർ പണം നൽകാൻ തീരുമാനിച്ചിട്ടുള്ളത്. അത് ഓരോ ജില്ലയിലും അവർക്ക് സൗകര്യപ്രദമായ ചികിൽസ ലഭിക്കുന്നതിനുള്ള ആശുപത്രികളെ തെരഞ്ഞെടുത്ത് ആ ആശുപത്രികളിൽ മുൻകൂർ പണം കൊടുക്കും. അങ്ങനെ യാതൊരു കാലതാമസവും ഇനിമേലിൽ ഉണ്ടാകുകയില്ല എന്നുള്ളതിൽ യാതൊരു സംശയവുമില്ല.

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : തൃശ്ശൂർ ഇ.എസ്.ഐ. ഹോസ്പിറ്റലിൽ ധാരാളം ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് ഉണ്ട്. വളരെയധികം മുറികൾ വേക്കന്റ് ആയി കിടക്കുകയാണ്. അവിടെ മരുന്നില്ല, നഴ്സില്ല, ഡോക്ടർമാർ ഇല്ല. ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് ധാരാളമുള്ള അവിടെ ആവശ്യത്തിന് മരുന്ന് കൊടുക്കുകയും നഴ്സുമാരേയും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരേയും നിയമിക്കുകയും ചെയ്ത് ഒരു സൂപ്പർ സ്പെഷ്യാലിറ്റി കെയറിന് വേണ്ട സൗകര്യങ്ങൾ മുൻഗണനാക്രമത്തിൽ കൊടുക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : കേരളത്തിൽ 2 സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ ഇ.എസ്.ഐ.യുടെ നേതൃത്വത്തിൽ തുടങ്ങാൻ തീരുമാനിച്ചിരിക്കുകയാണ്. അതിലൊന്ന് കോഴിക്കോടും മറ്റൊന്ന് കൊല്ലത്തുമാണ്. കേരളത്തിൽ നിന്ന് ശ്രീ.എം.പി.വീരേന്ദ്രകുമാർ മന്ത്രിയായിരുന്ന സമയത്താണ് ഈ രണ്ടു ഹോസ്പിറ്റലുകളും അനുവദിച്ചിരുന്നത്. അതിൽ കൊല്ലം ആശുപത്രിയുടെ എല്ലാ പണിയും പൂർത്തിയായിക്കഴിഞ്ഞു. അടിയന്തിരമായി തന്നെ കൊല്ലത്ത് ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കും. കോഴിക്കോട്

LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രിയുടെ ഡിസൈനും പ്ലാനും എസ്റ്റിമേറ്റും ഒന്നും ഇതുവരെ പൂർത്തിയായിട്ടില്ല. അതിനുള്ള സാംഗ്ഷനും ഇതുവരെ കിട്ടിയിട്ടില്ല. അത് ഇ.എസ്. ഐ. ബോർഡിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

ശ്രീ. സി.ടി. അഹമ്മദ് അലി : കാസർകോട് ഇ.എസ്.ഐ. ഹോസ്പിറ്റൽ സൗകര്യങ്ങളൊന്നുമില്ലാത്ത ഒരു ചെറിയ കെട്ടിടത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഈ ഹോസ്പിറ്റലിന് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഇതു പരിശോധിക്കാം.

3 (*179) തൊഴിൽ നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. കെ.പി. സതീഷ് ചന്ദ്രൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ തൊഴിൽ നയത്തിന് രൂപം നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) സർക്കാർ ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്ന തൊഴിൽ നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) തൊഴിൽ നയം പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) തൊഴിൽ നയം സംബന്ധിച്ച് വിവിധ തൊഴിലാളി സംഘടനകൾക്ക് അഭിപ്രായ ഐക്യം കൈവരിക്കാൻ സാധിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാന സർക്കാരിന്റെ തൊഴിൽ നയം എന്നത്തേക്ക് പ്രഖ്യാപിക്കുമെന്ന് വെളിപ്പെടുത്തുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ,

(എ) രൂപം നൽകിവരുന്നു.

(ബി) ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, തൊഴിൽ മേഖലയിൽ സമാധാനാന്തരീക്ഷം നിലനിർത്തുക എന്നിവയാണ് തൊഴിൽ നയത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ.

(സി) ഉണ്ട്. സമഗ്രമായ ഒരു തൊഴിൽ നയം രൂപീകരിക്കുന്നതിലേക്ക് പ്രമുഖ വ്യവസായികളും തൊഴിലാളി യൂണിയൻ പ്രതിനിധികളും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന ഇൻഡസ്ട്രിയൽ റിലേഷൻസ് ബോർഡ് 11-6-1999-ൽ കൂടുകയും ഒരു തൊഴിൽ നയം രൂപീകരിക്കുന്നതിലേക്കുള്ള പ്രാരംഭചർച്ചകൾ നടത്തുകയുമുണ്ടായി.

(ഡി) ഇതിന്റെ ഒരു കരട് രൂപം തയ്യാറാക്കി ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ചർച്ചകൾ നടത്തിയതിനുശേഷം സമഗ്രമായ ഒരു തൊഴിൽ

LIBRARY ARCHIVES Kerala Legislative Assembly